ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26-04-2024**

## പ്രധാനവാർത്തകൾ

1) ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ 88 മണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടിംഗ് പുരോഗമിക്കുമ്പോൾ ഭേദപ്പെട്ട പോളിംഗ് ; 12 മണിവരെ ശരാശരി 25 ശതമാനത്തിലധികം പേർ വോട്ട് രേഖപ്പെടുത്തി.

2. സംസ്ഥാനത്ത് കനത്ത പോളിംഗ് ; 12.20 വരെ പോളിംഗ് ശതമാനം 33.40 കടന്നു ; വോട്ട് രേഖപ്പെടുത്തി പ്രമുഖ നേതാക്കൾ.

3. വിവിപാറ്റ് മുഴുവൻ എണ്ണണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീംകോടതി തള്ളി. പേപ്പർ ബാലറ്റിലേക്ക് തിരിച്ചു പോകണമെന്ന ആവശ്യവും കോടതി നിരാകരിച്ചു.

4. ഐ പി എല്ലിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

*****************************************

<u>തിരഞ്ഞെടുപ്പ് - ലീഡ്</u>

RNU TVPM

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ 12 സംസ്ഥാനങ്ങളിലും ജമ്മുകാശ്മീരിലെ ഒരു മണ്ഡലത്തിലും ഉൾപ്പെടെ 88 സീറ്റുകളിൽ വോട്ടിംഗ് പുരോഗമിക്കുകയാണ്. ആദ്യ റിപ്പോർട്ടുകൾ പ്രകാരം മിക്ക മണ്ഡലങ്ങളിലും ഭേദപ്പെട്ട പോളിംഗാണ് രേഖപ്പെടുത്തിയത്. പശ്ചിമ ബംഗാൾ, ത്രിപുര, മണിപ്പൂർ, ചത്തീസ്ഗഡ് സംസ്ഥാനങ്ങളിൽ 12 മണിയോടെ 30 ശതമാനത്തിലധികം പേർ വോട്ട് രേഖപ്പെടുത്തി. 18 ശതമാനത്തിലധികം പേർ വോട്ട് രേഖപ്പെടുത്തിയ മഹാരാഷ്ട്രയാണ് പിന്നിൽ. മറ്റ് സംസ്ഥാനങ്ങളിൽ 25 ശതമാനത്തോടു് അടുത്താണ് പോളിംഗ്.

*****************************************

## വോട്ടിംഗ് കേരളം

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് സംസ്ഥാനത്ത് അഞ്ച് മണിക്കൂർ പിന്നിടുമ്പോൾ കനത്ത പോളിംഗ്. രാവിലെ ഉച്ചയ്ക്ക് 12.20 വരെയുള്ള റിപ്പോർട്ട് പ്രകാരം 33.40 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. മിക്ക ബൂത്തുകളിലും രാവിലെ ഏഴ് മുതൽ വോട്ടർമാരുടെ നീണ്ട നിരയായിരുന്നു. എല്ലാ മണ്ഡലങ്ങളിലും 11 മണിയോടെ പോളിംഗ് 20 ശതമാനം കടന്നു. പലയിടത്തും കനത്ത ചൂടിനെ അവഗണിച്ചും വൻതോതിൽ വോട്ടർമാർ വോട്ട് രേഖപ്പെടുത്താൻ എത്തിക്കൊണ്ടിരിക്കുകയാണ്. പ്രമുഖ നേതാക്കളും സ്ഥാനാർത്ഥികളും രാവിലെ തന്നെ വോട്ട് രേഖപ്പെടുത്താനെത്തി.

*****************************************

## വോട്ടിംഗ് ശതമാനം- കേരളം

സംസ്ഥാനത്ത് വോട്ടിംഗ് പുരോഗമിക്കുമ്പോൾ വിവിധ മണ്ഡലങ്ങളിൽ നിന്നുള്ള ആദ്യ പോളിംഗ് ശതമാനം

ലഭ്യമായിട്ടുണ്ട്. ഉച്ചയ്ക്ക് 12.20 വരെയുള്ള കണക്കുകൾ പ്രകാരം പോളിംഗ് ശതമാനം 33.40 ശതമാനം കടന്നു. 20 മണ്ഡലങ്ങളിലെയും ആദ്യ പോളിംഗ് ശതമാനം .തിരുവനന്തപുരം- 32.55%, ആറ്റിങ്ങൽ-35.15%, കൊല്ലം-33.07%, പത്തനംതിട്ട-33.63% , മാവേലിക്കര-33.80%, ആലപ്പുഴ-35.13% , കോട്ടയം-33.50%, ഇടുക്കി- 33.40%, എറണാകുളം-32.92%, ചാലക്കുടി-34.79%, തൃശൂർ-33.48%, പാലക്കാട്-35.10%, ആലത്തൂർ-33.27%, പൊന്നാനി-29.66%, മലപ്പുറം-31.58%, കോഴിക്കോട്-32.71%, വയനാട്-34.12%, വടകര- 32.18%, കണ്ണൂർ-34.51%, കാസർഗോഡ്-33.82%

*************************************

## കൊല്ലം ലൈവ് - ഇൻട്രോ

ശക്തമായ ത്രികോണ മത്സരം നടക്കുന്ന കൊല്ലം പാർലമെന്റ് മണ്ഡലത്തിൽ പോളിംഗ് പുരോഗമിക്കുമ്പോൾ ഏറ്റവും ഒടുവിലത്തെ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നീരജ് ലാൽ ചേരുന്നു.

നീരജ് , മറ്റ് മണ്ഡലങ്ങളിലേതുപോലെതന്നെ കൊല്ലത്തും ആദ്യ മണിക്കൂറുകളിൽ കനത്ത പോളിംഗ് . നിലവിലും എല്ലാ ബൂത്തുകളിലും വൻതോതിൽ വോട്ടർമാർ എത്തുന്നുണ്ടോ വിശദാംശങ്ങൾ...

(ഹോൾഡ്) (ലൈവ്)

*************************************

## കോട്ടയം റിക്കോർഡിംഗ് ... ഇൻട്രോ

ശക്തമായ ത്രികോണ മത്സരം നടക്കുന്ന കോട്ടയത്ത് പതിറ്റാണ്ടുകൾക്ക് ശേഷം കേരളാ കോൺഗ്രസ് വിഭാഗങ്ങൾ തമ്മിൽ നേരിട്ടുള്ള പോരാട്ടങ്ങൾക്കാണ് വേദിയാകുന്നത്.

RNU TVPM

മണ്ഡലത്തിൽ നിന്നുള്ള പോളിംഗ് വിശേഷങ്ങളുമായി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു ചേരുന്നു.

(വോയ്സ്)

******************************************

<u>ആലപ്പുഴ ലൈവ് .. .ഇൻട്രോ</u>

ആലപ്പുഴ ലോക്സഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങളുമായി ജില്ലാ പ്രതിനിധി രവികുമാർ .

രവി, ആദ്യ മണിക്കൂറുകളിലെ വർദ്ധിച്ച പോളിംഗ് ശതമാനത്തെ എങ്ങനെയാണ് മൂന്ന് മുന്നണികളും വിലയിരുത്തുന്നത്....

(ഹോൾഡ്) (ലൈവ്)

******************************************

<u>എറണാകുളം റിക്കോർഡഡ് .. ഇൻട്രോ</u>

RNUTVPM

മെട്രോ നഗരമായ എറണാകുളം മണ്ഡലത്തിൽ വോട്ടർമാർ ഇത്തവണ എങ്ങനെ ചിന്തിക്കുന്നു എന്ന് പ്രവചനാതീതം. പല ബൂത്തുകളിലും സ്ത്രീകളുടെ നീണ്ട നിര കാണാം എന്നതാണ് ഇവിടുത്തെ പ്രത്യേകത എന്ന് ആകാശവാണി കൊച്ചി ലേഖകൻ രാജ്മോഹൻ റിപ്പോർട്ട് ചെയ്യുന്നു...

(വോയ്സ്)

******************************************

<u>വയനാട് ലൈവ് - ഇൻട്രോ</u>

വോട്ടെടുപ്പ് സംബന്ധിച്ച് തത്സമയ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.. അരുൺ, ആദിവാസി മേഖലകളിലും പോളിംഗ് ശതമാനം ഉയർന്നതാണോ, വിശദാംശങ്ങൾ......

(ഹോൾഡ്) (ലൈവ്)

*********************************

<u>കാസർഗോഡ് റിക്കോർഡഡ്.. ഇൻട്രോ</u>

ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിലും പോളിംഗ് പുരോഗമിക്കുകയാണ്. മുതിർന്ന പൗരന്മാർക്ക് വോട്ടെടുപ്പ് സുഗമമാക്കാനുള്ള സൗകര്യം പോളിംഗ് ബൂത്തുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ

(വോയ്സ്)

*********************************

RNU TVPM

<u>കണ്ണൂർ ലൈവ്...ഇൻട്രോ</u>

കണ്ണൂരിൽ പോളിംഗ് പൊതുവെ സമാധാനപരം. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ടെലിഫോണിൽ.

ശശിധരൻ, മുഴുവൻ ബൂത്തുകളിലും വെബ് കാസ്റ്റിംഗ് ഏർപ്പെടുത്തിയതിനെ എങ്ങനെയാണ് വിലയിരുത്തപ്പെടുന്നത്. വിശദാംശങ്ങൾ ...

(ഹോൾഡ്) (ലൈവ്)

*********************************

## പ്രതികരണം - നേതാക്കൾ

എൽഡിഎഫിന് ചരിത്ര വിജയം ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആർ.സി അമല - ബേയിസിക് യു പി സ്കൂളിൽ രാവിലെ തന്നെ കുടുംബസമേതം വോട്ട് രേഖപ്പെടുത്താനെത്തി. മുഖ്യമന്ത്രിയുടെ വാക്കുകളിലേയ്ക്ക്...

(ഹോൾഡ് ) (ഓഡിയോ)

കേരളത്തിൽ മുഴുവൻ സീറ്റുകളും യുഡിഎഫ് നേടുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. പറവൂർ കേസരി ബാലകൃഷ്ണ മെമ്മോറിയൽ കോളേജിൽ അദ്ദേഹം വോട്ട് രേഖപ്പെടുത്തി.

(ഹോൾഡ് ) (ഓഡിയോ)

RNU TVPM

കേരളത്തിൽ ചരിത്രം സൃഷ്ടിക്കുന്ന തെരഞ്ഞെടുപ്പ് ആയിരിക്കും ഇത്തവണത്തേതെന്ന് ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലം എൻഡിഎ സ്ഥാനാർത്ഥിയായ വി മുരളീധരൻ വോട്ട് രേഖപ്പെടുത്തിയ ശേഷം അഭിപ്രായപ്പെട്ടു.

(ഹോൾഡ് ) (ഓഡിയോ)

***************************************

## മറ്റ് സംസ്ഥാനങ്ങൾ ശതമാനം

മറ്റു സംസ്ഥാനങ്ങളിലെ പോളിംഗ് ശതമാനം ലഭ്യമായിട്ടുണ്ട്. ഒമ്പത് മണിവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം. ഒടുവിൽ വിവരം കിട്ടുമ്പോൾ ഉത്തർപ്രദേശ് 24.31, കർണാടക 22.34, പശ്ചിമബംഗാൾ 31.25, അസം 27.43, ബീഹാർ 21.68, ഛത്തീസ്ഗഡ് 35.47,

രാജസ്ഥാൻ 26.84, മഹാരാഷ്ട്ര 18.83, മധ്യപ്രദേശ് 28.15, ത്രിപുര 36.42, മണിപ്പൂർ 33.22, ജമ്മുകശ്മീർ 26.61 എന്നിങ്ങനെയാണ് വോട്ടിംഗ് ശതമാനം

*****************************************

## പ്രധാനമന്ത്രി - വോട്ടിംഗ് മെസേജ്

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ റെക്കോർഡ് സംഖ്യയിൽ സമ്മതിദാനം വിനിയോഗിക്കാൻ അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉയർന്ന വോട്ടിംഗ് ശതമാനം ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. യുവാക്കളോടും വനിതകളോടും കൂട്ടമായെത്തി വോട്ട് രേഖപ്പെടുത്താനും അദ്ദേഹം അഭ്യർത്ഥിച്ചു.

*****************************************

## വിവിപാറ്റ്

വിവിപാറ്റ് പൂർണ്ണമായി എണ്ണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീംകോടതി തള്ളി. പേപ്പർ ബാലറ്റിലേക്ക് തിരികെ പോകേണ്ടതില്ലെന്നും കോടതി വിധിച്ചു. ജസ്റ്റിസ് സഞ്ജീവ് ഖന്നയും, ജസ്റ്റിസ് ദീപാങ്കർ ദത്തയും ഉൾപ്പെട്ട ബഞ്ചാണ് വിധി പ്രസ്താവിച്ചത്. സാങ്കേതിക കാര്യങ്ങളിൽ സുപ്രീം കോടതി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. മൈക്രോ കൺട്രോളർ പരിശോധിക്കണം എന്ന ഹർജിക്കാരുടെ ആവശ്യം വോട്ടെണ്ണലിന് ശേഷം വേണമെങ്കിൽ ഉന്നയിക്കാമെന്നും ഉത്തരവിലുണ്ട്.

PNU TVPM

*****************************************

## അഞ്ചാംഘട്ട വിജ്ഞാപനം

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ട വിജ്ഞാപനം ഇന്ന്. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 ലോക്സഭാ സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ്

നടക്കുന്നത്. ഉത്തർപ്രദേശിലെ 14 സീറ്റുകളിലും മഹാരാഷ്ട്രയിലെ 13 സീറ്റുകളിലും പശ്ചിമ ബംഗാളിലെ ഏഴ് സീറ്റുകളിലും അഞ്ചാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. മെയ് മൂന്ന് വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. അടുത്ത മാസം 20നാണ് വോട്ടെടുപ്പ്.

*******************************************

## ഐ പി എൽ

ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30ന് കൊൽക്കത്ത ഏദൻ ഗാർഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം.

*******************************************

## ഇപി ജയരാജൻ

ദല്ലാൾ നന്ദകുമാറുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇപി ജയരാജനെ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. പാപിയുടെ കൂടെ ശിവൻ കൂടിയാൽ ശിവനും പാപിയാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇപി ജയരാജന് ജാഗ്രത കുറവുണ്ടായി എന്നും മുഖ്യമന്ത്രി പറഞ്ഞു. ഇത്തരക്കാരുമായി പരിചയത്തിനപ്പുറത്തുള്ള ബന്ധമോ ലോഹ്യമോ ആവശ്യമില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

ഇ പി ജയരാജൻ - പ്രകാശ് ജാവദേക്കർ ചർച്ചയിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കൂട്ടുപ്രതിയെ തള്ളിപ്പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുകയാണ് ഒന്നാംപ്രതിയായ മുഖ്യമന്ത്രിയെന്ന് ശ്രീ വി ഡി സതീശൻ പറഞ്ഞു.

RNU TVPM

*****************************************************************************************************************************

*******************************************